**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4261** **28-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പരിസരത്ത് ലഹരി വില്പന തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂളുകളുടെ പരിസരത്ത് നടക്കുന്ന ലഹരി വില്പന തടയുന്നതിന് വേണ്ടി എക്സൈസ് വകുപ്പ് പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | സ്കൂളുകളുടെ പരിസരത്ത് നടക്കുന്ന ലഹരി വില്പന തടയുന്നതിനു വേണ്ടി എക്സൈസ് വകുപ്പ് സ്വന്തം നിലയിലും വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്നും സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്. എക്സൈസ് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ സ്കൂളുകൾ സന്ദർശിക്കുകയും, ഉപയോഗ ശൂന്യമായ ബാത്ത് റൂമുകൾ, മറ്റ് കെട്ടിടങ്ങൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കുവാൻ കഴിയുന്ന സ്ഥലങ്ങൾ എന്നിവ കണ്ടെത്തി സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടെത്തുന്നു. സ്കൂൾ പരിസരത്തെ കടകളിൽ പരിശോധന നടത്തി ലഹരി പദാർത്ഥങ്ങൾ കണ്ടെത്തുന്ന കടകളുടെ ലൈസൻസ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കത്ത് നൽകി റദ്ദ് ചെയ്യുന്നു. സ്കൂൾ ആരംഭിക്കുന്നതിന് അര മണിക്കൂർ മുമ്പും സ്കൂൾ സമയം അവസാനിച്ചതിനുശേഷം അരമണിക്കൂറും സ്കൂൾ പരിസരങ്ങളിൽ മഫ്തി പട്രോളിംഗും, ബൈക്ക് പട്രോളിംഗും നടത്തുകയും, മറ്റ് സർക്കാർ വകുപ്പുകളുമായി ചേർന്ന് വാഹന പരിശോധന നടത്തുകയും ചെയ്യുന്നു. സ്കൂൾ പരിസരത്ത് കാണുന്ന പരിചയമില്ലാത്തതും, സംശയമുള്ളതുമായ വ്യക്തികളെപ്പറ്റി എക്സൈസ് വകുപ്പിനെ വിവരം അറിയിക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളിലും ഫോൺ നമ്പർ നല്കിയിട്ടുണ്ട്. |
| (ബി) | വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് മാഫിയകൾ ഉൾപ്പെടെ ലഹരി വില്പന നടത്തുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിന് വേണ്ടി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | ഉണ്ട്. ലഹരി ഉപയോഗവും ലഹരി വില്പനയും തടയുന്നതിനായി എക്സൈസ് വകുപ്പിനെ ബന്ധപ്പെടുന്നതിന് 9656178000, 9447178000, 906178000 എന്നീ ഫോൺ നമ്പരുകൾ ഉണ്ട്. ഇതിൽ 9447178000 നമ്പർ എക്സൈസ് കമ്മീഷണറുടെ കൺട്രോൾ റൂം നമ്പരാണ്. ഈ നമ്പരിൽ ലഭിക്കുന്ന വിവരം ഫീൽഡ് ഉദ്യോഗസ്ഥർക്ക് കൈമാറി സത്വര നടപടികൾ സ്വീകരിക്കുന്നു. 9656178000 നമ്പർ 'നേർവഴി' എന്ന പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. |

| | | | |
|---|---|---|---|
| | | | ഈ നമ്പർ അദ്ധ്യാപകർക്ക് തങ്ങളുടെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം സംശയിക്കുന്ന അവസരത്തിൽ എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിന് ഉപയോഗിക്കുന്നു. കൂടാതെ സൗജന്യ കൗൺസിലിംഗിന് 14405 എന്ന നമ്പർ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ